അസീസിയ മെഡിക്കൽ കോളേജിലെ വിദ്യാർഥികൾ വന്ദനയ്ക്ക് അന്ത്യാഞ്ജലിയർപ്പിക്കാൻ മുട്ടിച്ചിറയിലെ വീട്ടിലെത്തിയപ്പോൾ

വന്ദനയെ കൊന്നത് ഓർമയില്ലെന്ന് സന്ദീപ്

ആരോഗ്യ, മാനസിക പ്രശ്നങ്ങളില്ലെന്ന് ഡോക്ടർമാർ

തിരുവനന്തപുരം

ഡോ. വന്ദനയെ കുത്തിക്കൊന്നത് തനിക്ക് ഓർമയില്ലെന്ന് പ്രതി സന്ദീപ്. കുറെപ്പേർ ചേർന്ന് ഉപദ്രവിക്കാൻ ശ്രമിച്ചപ്പോൾ തിരിച്ച് ആക്രമിച്ചതാണെന്നും റിമാൻഡിലായി ജയിലിൽ എത്തിയപ്പോൾ ഉദ്യോഗസ്ഥരോട് പറഞ്ഞു. രണ്ടു ദിവസമായി ലഹരി ഉപയോഗിക്കാൻ കഴിയാത്ത വിഭ്രാന്തിയോ കേസിൽനിന്ന് രക്ഷപ്പെടാനുള്ള തന്ത്രമോ ആകാം ഇതിനു പിന്നിലെന്നാണ് ഉദ്യോഗസ്ഥരുടെ നിഗമനം. സന്ദീപിന് കാര്യമായ മാനസികാരോഗ്യ പ്രശ്നങ്ങളില്ലെന്നാണ് ഡോക്ടർമാരുടെ വിലയിരുത്തൽ.

ബുധനാഴ്ച രാത്രിയോടെ പൂജപ്പുര സെൻട്രൽ ജയിലിലെത്തിച്ച സന്ദീപിനെ 24 മണിക്കൂറും പൊലീസ് കാവലും സിസിടിവി നിരീക്ഷണവുമുള്ള യുടിബി ബ്ലോക്കിൽ ആർപി 6223 നമ്പർ തടവുകാരനായാണ് പാർപ്പിച്ചിരിക്കുന്നത്.

ജയിലിൽ എത്തിച്ചപ്പോഴും, വ്യാഴാഴ്ച രണ്ടുതവണയും ജയിൽ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് ആവശ്യമായ മരുന്നുകൾ നൽകി. കാലിലെ മുറിവും കണ്ണിനു താഴെ ചെറിയ വീക്കവുമല്ലാതെ ആരോഗ്യ പ്രശ്നങ്ങളൊന്നുമില്ല. ജയിലിൽ എത്തിയതുമുതൽ സാധാരണപോലെ ഭക്ഷണവും കഴിക്കുന്നുണ്ട്.

ലഹരിമരുന്ന് ലഭിക്കാത്തതിന്റെ പരിഭ്രാന്തി മാത്രമാണ് പ്രതിക്കുള്ളതെന്നാണ് നിഗമനം. സന്ദീപിന്റെ പെരുമാറ്റമടക്കമുള്ള കാര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്തുന്നുണ്ട്.

ഡോ. വന്ദന ദാസിന് ജോസ് കെ മാണി എം പി അന്ത്യോപചാരം അർപ്പിക്കുന്നു

അഖിലോന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രസിഡന്റ് പി കെ ശ്രീമതി വന്ദനയുടെ അമ്മ വസന്തകുമാരിയെ ആശ്വസിപ്പിക്കുന്നു. അച്ഛൻ മോഹൻദാസ്, മന്ത്രി വി എൻ വാസവൻ എന്നിവർ സമീപം

സ്വാമി ശുഭംഗാനന്ദ വന്ദനയുടെ വീട്ടിലെത്തി

വർക്കല

രോഗിയുടെ കുത്തേറ്റ് മരിച്ച ഡോ. വന്ദനയുടെ വീട് ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭംഗാനന്ദ സന്ദർശിച്ചു. സ്വാമി പ്രബോധ തീർഥ, ശിവഗിരി മഠം പിആർഒ ഇ എം സോമനാഥൻ എന്നിവർ ഒപ്പമുണ്ടായിരുന്നു.

'നിമിഷംകൊണ്ട് എല്ലാം മാറിമറിഞ്ഞു'

സ്വന്തം ലേഖകൻ

കൊല്ലം

'എനിക്കും ഒരു മകളേയുള്ളൂ. ഡോ. വന്ദനയെ സന്ദീപ് ആക്രമിക്കുന്നത് കണ്ടിരുന്നെങ്കിൽ എന്ത് ത്യാഗം സഹിച്ചും ആ മോളെ ഞാൻ രക്ഷിച്ചേനെ'—ഡോ. വന്ദന ദാസിനെ ആക്രമിച്ചുകൊലപ്പെടുത്തിയ ജി സന്ദീപിനെ കൊട്ടാരക്കര താലൂക്കാശുപത്രിയിൽ എത്തിച്ച ബന്ധു രാജേന്ദ്രൻപിള്ളയുടെ വാക്കുകൾ. ഹവിൽദാറായി സൈന്യത്തിൽനിന്ന് വിരമിച്ചയാളാണ് രാജേന്ദ്രൻപിള്ള.

സന്ദീപ് നേരത്തെ മദ്യപിച്ച് പ്രശ്നമുണ്ടാക്കുന്നത് കണ്ടിട്ടില്ലെന്ന് രാജേന്ദ്രൻപിള്ള പറഞ്ഞു.

പൊലീസ് വാഹനത്തിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ സന്ദീപ് വളരെ ശാന്തനായിരുന്നു. ഒരു പ്രശ്നവും ഉണ്ടാക്കിയില്ല. എന്തെങ്കിലും മോശം പെരുമാറ്റമുണ്ടായിരുന്നെങ്കിൽ കൂടുതൽ ജാഗ്രത കാണിച്ചേനെ. ആശുപത്രിയിലെത്തി ഡോക്ടറെ കണ്ടശേഷം കാലിലെ മുറിവ് വൃത്തിയാക്കാനായി ഡ്രസിങ് റൂമിലേക്കുപോയി.

> പൊലീസ് വാഹനത്തിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ സന്ദീപ് ശാന്തനായിരുന്നെന്ന് ബന്ധു രാജേന്ദ്രൻപിള്ള

ടേബിളിൽ കിടത്തിയശേഷം മുറിവ് വൃത്തിയാക്കുന്നതിനിടെ സന്ദീപ് കാല് വീശി എന്നെ ചവിട്ടി. പിന്നീട് പുറത്തിറങ്ങി സന്ദീപിന്റെ ജ്യേഷ്ഠനെ വിളിച്ച് വിവരം പറയുമ്പോഴാണ് ബഹളം കേട്ടത്. ഒരുനിമിഷം കൊണ്ടാണ് എല്ലാം മാറി മറിഞ്ഞത്.

പെട്ടെന്ന് ആളുകൾ ഓടുന്നു. ഒപ്പം വന്ന ബിനുവിനെയും ഹോംഗാർഡിനെയും പൊലീസുകാരെയും ആക്രമിക്കുന്നു. ആരോ ആശുപത്രിയുടെ വാതിൽ അടച്ചതിനാൽ പിന്നെ അകത്തുകയറാനായില്ല. എല്ലാവരും ഏതെങ്കിലും മുറിയിൽ കയറി വാതിലടയ്ക്കാൻ ആരോ വിളിച്ചുപറയുന്നുണ്ടായിരുന്നു. എല്ലാവരും ഓരോയിടത്തേക്ക് മാറി.

ഡോ. വന്ദനയെ ആക്രമിക്കുന്നത് കണ്ടിരുന്നെങ്കിൽ വാതിൽ തകർത്ത് അകത്തുകയറി എന്തെങ്കിലും ചെയ്തേനെ. പൊലീസും ജീവനക്കാരും സന്ദീപിനെ കീഴ്പ്പെടുത്തിയശേഷം ബിനുവും ഹോംഗാർഡുകളും വിജയ ആശുപത്രിയിലേക്ക് പോയി.

അവിടെ വച്ചാണ് ഗുരുതര പരിക്കേറ്റ ഡോ. വന്ദനയെ കാണുന്നത്. ഒന്നും സംഭവിക്കല്ലേയെന്ന പ്രാർഥനയായിരുന്നു.

'ആ കുഞ്ഞിനെ രക്ഷിക്കാനായില്ലല്ലോ എന്ന വിഷമം വിട്ടുമാറുന്നില്ല'– വിതുമ്പലോടെ രാജേന്ദ്രൻപിള്ള പറഞ്ഞു.

കാത്തിരിപ്പിനൊടുവിൽ പിറന്ന മകൾ

ഇനി ഈ മുറ്റത്ത് ആ പാദസരം കിലുങ്ങില്ല

അന്നീഷ് ബാബു

മുട്ടുചിറ

വർഷങ്ങൾ നീണ്ട കാത്തിരിപ്പിനൊടുവിലാണ് കെ ജി മോഹൻദാസിനും വസന്തകുമാരിക്കും കുട്ടി പിറന്നത്. അവളുടെ മികച്ച വിദ്യാഭ്യാസവും ഭാവിയും മാത്രമായിരുന്നു അവരുടെ സ്വപ്നവും പ്രതീക്ഷയുമെല്ലാം. ഏക മകളായതിനാൽ വളരെ കരുതലോടെയാണ് അച്ഛനമ്മമാർ വന്ദനയെ വളർത്തിയത്. ഏഴ് വർഷത്തോളം കാത്തിരുന്ന ശേഷമായിരുന്നു വന്ദനയുടെ ജനനം.

ഇനി മുട്ടുചിറ പട്ടാളമുക്കിൽ ഹൈവേയോട് ചേർന്ന നമ്പിച്ചിറ കാലായിലെ(കാളിപറമ്പിൽ) വീട്ടുമുറ്റത്തും വീട്ടിടങ്ങളിലും ആ പാദസരം കിലുങ്ങില്ല.

സ്കൂൾ പഠനകാലത്ത് നർത്തകി കൂടിയായിരുന്നു വന്ദന. ബിസനസിന്റെ തിരക്കിലും മോഹൻദാസ് മകളുടെ കാര്യങ്ങളിലൊന്നും അലംഭാവം വരുത്തിയിരുന്നില്ല. എംബിബിഎസ് പഠനകാലത്ത് കൊല്ലത്ത് മകൾക്കൊപ്പം വാടകക്ക് പോയിനിന്നതും അതുകൊണ്ടായിരുന്നു.

സ്കൂൾ പഠനകാലം മുതൽ ഈ അധിക കരുതലിലാണ് ഏക മകളെ ഈ കുടുംബം പോറ്റി വളർത്തിയത്.

ആദ്യം കുത്തിയത് ഒപ്പം വന്നയാളെ

എൻ ജയന്തി
നഴ്സിങ് അസിസ്റ്റന്റ്

കൊല്ലം

സന്ദീപ് ആദ്യം കുത്തിയത് ഒപ്പം വന്നയാളെയെന്ന് ദൃക്സാക്ഷിയായ കൊട്ടാരക്കര താലൂക്കാശുപത്രിയിലെ നഴ്സിങ് അസിസ്റ്റന്റ് എൻ ജയന്തി. ബുധൻ പുലർച്ചെ 4.40നാണ് എത്തിയത്. മുറിവ് വൃത്തിയാക്കുക മാത്രമാണ് ചെയ്തത്. അയാൾ കത്രിക കൈക്കലാക്കിയത് ശ്രദ്ധയിൽപെട്ടില്ല. ഡ്രസിങ് റൂമിൽ നിന്നിറങ്ങി പെട്ടെന്നായിരുന്നു ആക്രമണം. ഒപ്പമുള്ളയാളെ ആദ്യം കുത്തി. കണ്ണിൽകണ്ടവരെയെല്ലാം ആക്രമിക്കുകയായിരുന്നു. മിക്കവർക്കും തലയിലാണ് കുത്തേറ്റത്. അക്രമാസക്തനായ അയാൾ പൊലീസുകാരെ ആക്രമിച്ച് തിരിച്ചുവരുമ്പോഴാണ് ഡോ. വന്ദനയെ കണ്ടത്.

തൊഴിലാളിക്ഷേമ പദ്ധതികൾ വിപുലമാക്കും: മന്ത്രി

തിരുവനന്തപുരം

ക്ഷേമനിധി ബോർഡുകളിലൂടെ തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ വിപുലമാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓൺലൈൻ സംവിധാനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. 15 ലക്ഷം അംഗങ്ങളും 332 കോടി രൂപ സ്ഥിര നിക്ഷേപവും ബോർഡിനുണ്ട്. 4475 അംഗങ്ങൾക്ക് ക്ഷേമനിധിയിൽനിന്നും പെൻഷൻ ലഭ്യമാക്കുന്നതായും മന്ത്രി പറഞ്ഞു.

ബോർഡിന്റെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനുമാണ് ഓൺലൈൻ സംവിധാനമൊരുക്കിയത്.

ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്കുള്ള കൃഷ് അവാർഡ് വിതരണത്തിന്റെ സംസ്ഥാന ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. മന്ത്രി ആന്റണി രാജു അധ്യക്ഷനായി. ക്ഷേമനിധി ബോർഡ് ചെയർമാൻ കെ രാജഗോപാൽ, എ ജെ സുക്കാർണോ, ഡി ആർ അനിൽ, കെ ജയകുമാർ, പി സജി, ആർ സച്ചിത്, ജി ജയപാൽ, കെ എം ലെനിൻ, എം ഷജീന എന്നിവർ സംസാരിച്ചു.

കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് സേവനങ്ങൾക്കുള്ള ഓൺലൈൻ സംവിധാനങ്ങൾ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി ആന്റണി രാജു സമീപം

കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷൻ ദേശീയ സമ്മേളനം ഇന്ന് തുടങ്ങും

തിരുവനന്തപുരം

കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷന്റെ 27–ാം ദേശീയ സമ്മേളനം വെള്ളി രാവിലെ 10ന് എം കൃഷ്ണൻ നഗറിൽ (നാഷണൽ ക്ലബ്) സിഐടിയു അഖിലേന്ത്യ വൈസ് പ്രസിഡന്റ് എം കെ പത്മനാഭൻ ഉദ്ഘാടനം ചെയ്യും. 130 സംഘടനകൾ അണിനിരന്ന കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് ആൻഡ് വർക്കേഴ്സിന്റെ ദേശീയ സമ്മേളനത്തിൽ 200 പ്രതിനിധികൾ പങ്കെടുക്കും. വെള്ളി വൈകിട്ട് 4.30ന് കെ കെ എൻ കുട്ടി നഗറിൽ (അയ്യൻകാളി ഹാൾ) 'നവലിബറൽ നയം– കേന്ദ്ര സർവീസ് പൊതുമേഖലാ രംഗത്തെ പ്രത്യാഘാതങ്ങളും പരിഹാരവും' സെമിനാർ സിപിഐ എം കേന്ദ്രകമ്മിറ്റി അംഗം ഡോ. ടി എം തോമസ് ഐസക് ഉദ്ഘാടനം ചെയ്യും.

അപർണയുടെ ബമ്പർലോട്ടറിയാണ് അച്ഛൻ

ആൻസ് ട്രീസ ജോസഫ്

തിരുവനന്തപുരം

അപർണ പരമാനന്ദത്തിന് അടിച്ച 'ബമ്പർലോട്ടറി'യാണ് ലോട്ടറി വിൽപ്പനക്കാരനായ ഈ അച്ഛൻ. അച്ഛന്റെ സ്നേഹവും കരുതലും ഒന്നുമാത്രം കൈമുതലാക്കിയാണ് അപർണ 'ഡോ. അപർണ പരമാനന്ദം എംബിബിഎസ്, എംഡി' യാകുന്നത്. ലോട്ടറി വിറ്റ് ലഭിച്ച വരുമാനത്തിലൂടെ പരമാനന്ദം മകളെ പഠിപ്പിച്ച് ഡോക്ടറാക്കി. മകളെ അവൾ ആഗ്രഹിച്ച ഉയരങ്ങളിലെത്തിക്കാൻ കഴിഞ്ഞതിന്റെ അഭിമാനത്തിലാണ് പരമാനന്ദം.

തമിഴ്നാട് ബോഡിനായ്ക്കന്നൂർ സ്വദേശിയായ പരമാനന്ദം 1992 മുതൽ വഴുതക്കാട് ലോട്ടറി വിൽക്കുകയാണ്. ജോലിക്കായി ഇടുക്കിയിലെത്തിയത് മുതലാണ് പരമാനന്ദത്തിന്റെ കേരളബന്ധം ആരംഭിക്കുന്നത്. മലയാളിയായ യശോദയെ ജീവിത സഖിയാക്കി തലസ്ഥാനത്തേക്ക് വണ്ടികയറി. വിഘ്നേശ്വര ലക്കിസെന്ററെന്ന ലോട്ടറിക്കടയാണ് തന്റെ ജീവിതത്തിലേക്ക് ഭാഗ്യങ്ങളെല്ലാം കൊണ്ടുവന്നതെന്ന് പരമാനന്ദം പറയുന്നു.

> ലോട്ടറി വിൽപ്പനയിലൂടെ മകളെ പഠിപ്പിച്ച് ഡോക്ടറാക്കിയതിന്റെ സന്തോഷത്തിൽ തമിഴ്നാട് സ്വദേശി പരമാനന്ദം

പരമാനന്ദം വഴുതക്കാട്ടെ തന്റെ ലോട്ടറി സ്റ്റാളിൽ

മകളെ ആഗ്രഹത്തിനനുസരിച്ച് പഠിപ്പിക്കാൻ ലോട്ടറിത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് ലഭിച്ച തുകയും സഹായകമായി. മകളുടെ വിവാഹവും ഭാര്യയുടെ ചികിത്സയും വീടുനിർമാണവുമെല്ലാം ലോട്ടറി വരുമാനത്തിൽനിന്നാണ് കണ്ടെത്തിയത്.

2009ൽ എൽഡിഎഫ് സർക്കാർ അധികാരത്തിലിരിക്കെ ക്ഷേമനിധി ബോർഡ് ആദ്യമായി നൽകിയ വിദ്യാഭ്യാസ അവാർഡ് അപർണയ്ക്കായിരുന്നു. അന്ന് ലഭിച്ച 25,000 രൂപ പഠനത്തിനായി വിനിയോഗിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എംബിബിഎസിന് മെറിറ്റിൽ സീറ്റ് ലഭിച്ചു. പഠനം പൂർത്തിയാക്കിപ്പോൾ ജനറൽ മെഡിസിനിൽ എംഡി ചെയ്യണമെന്നായിരുന്നു അപർണയുടെ ആഗ്രഹം. ഭോപ്പാൽ എയിംസിലും മെറിറ്റിൽ സീറ്റ് ലഭിച്ചു. നിലവിൽ മദ്രാസ് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ പ്രവർത്തിക്കുകയാണ് അപർണയിപ്പോൾ. ജീവിതത്തിൽ ലോട്ടറി തന്ന ബമ്പർ നേട്ടമാണിതൊക്കെയെന്ന് പരമാനന്ദം പറയുന്നു.

താനൂർ ബോട്ടപകടം: 4 പേർകൂടി അറസ്റ്റിൽ

താനൂർ

ഒട്ടുംപുറം പൂരപ്പുഴയിൽ അപകടത്തിൽപ്പെട്ട ബോട്ടിലെ നാല് ജീവനക്കാർകൂടി പിടിയിൽ. മാനേജർ താനൂർ മലയിൽ അനിൽ (48), ടിക്കറ്റ് നൽകുന്ന കൈതവളപ്പിൽ ശ്യാംകുമാർ (35), ബോട്ടിൽ ആളെ വിളിച്ചുകയറ്റുന്ന അട്ടത്തോട് പൗറാജിന്റെ പുരക്കൽ ബിലാൽ (32), എളാരം കടപ്പുറത്തെ വടക്കയിൽ സവാദ് (41) എന്നിവരെയാണ് പ്രത്യേക അന്വേഷക സംഘം വ്യാഴാഴ്ച പിടികൂടിയത്.

കേസിൽ അറസ്റ്റിലായവരുടെ എണ്ണം ഒമ്പതായി. പ്രതികളെ പരപ്പനങ്ങാടി കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. താനൂർ ഡിവൈഎസ്പി വി വി ബെന്നിയുടെ നേതൃത്വത്തിലുള്ള 15 അംഗ പ്രത്യേക സംഘമാണ് കേസ് അന്വേഷിക്കുന്നത്. നേരത്തെ അറസ്റ്റിലായ ബോട്ടുടമ പാട്ടരകത്ത് നാസർ, സ്രാങ്ക് ദിനേശൻ, നാസറിന്റെ സഹോദരൻ പാട്ടരകത്ത് സലാം, ബന്ധുവായ പാട്ടരകത്ത് വാഹിദ്, വളപ്പിലകത്ത് മുഹമ്മദ് ഷാഫി എന്നിവർ റിമാൻഡിലാണ്.

അനിൽ

ബിലാൽ

സവാദ്

ശ്യാംകുമാർ

നാസറിനെയും ദിനേശനെയും കസ്റ്റഡിയിൽ കിട്ടാൻ പൊലീസ് അപേക്ഷ നൽകും. ബേപ്പൂർ പോർട്ട് ഓഫീസിൽ പരിശോധനയിൽ അപകടത്തിൽപ്പെട്ട ബോട്ടുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും കണ്ടെത്തി.

വന്ദനയുടെ കുടുംബത്തിന് ധനസഹായം നൽകണമെന്ന് പി ജി വിദ്യാർഥികൾ

തിരുവനന്തപുരം

കൊട്ടാരക്കരയിൽ കൊല്ലപ്പെട്ട ഡോ. വന്ദനയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്ന് പിജി ഡോക്ടർമാരും ഹൗസ് സർജന്മാരും ആവശ്യപ്പെട്ടു. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിലാണ് ആവശ്യമുന്നയിച്ചത്.

പിജി ഡോക്ടർമാരുടെയും ഹൗസ് സർജന്മാരുടെയും ജോലി സമയം കുറയ്ക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെടുന്നു. ആഴ്ചയിൽ 48 മുതൽ 60 മണിക്കൂർവരെ ജോലിയെടുക്കണമെന്നാണ് ചട്ടം. എന്നാൽ, 80 മുതൽ 120 മണിക്കൂർവരെ ജോലി ചെയ്യേണ്ടി വരുന്നു. ആഴ്ചയിൽ ഒരുദിവസം ഓഫ് അനുവദിക്കുക, ഹൗസ് സർജൻസി കഴിഞ്ഞ എംബിബിഎസുകാരെ നോൺ അക്കാദമിക് ജൂനിയറായി നിയമിച്ച് ജോലിഭാരം കുറയ്ക്കുക, സീനിയർഷിപ്പ് ഒഴിവുകളുടെ എണ്ണം വർധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളും നിവേദനത്തിൽ ഉന്നയിച്ചു. ആശുപത്രികളിൽ മതിയായ സുരക്ഷ ഏർപ്പെടുത്തണം, എയ്ഡ്പോസ്റ്റുകൾ ശക്തമാക്കണം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു.

കേരള മെഡിക്കൽ പിജി അസോസിയേഷൻ, കേരള ഹൗസ് സർജൻ അസോസിയേഷൻ പ്രതിനിധികളായ ഡോ. ഇ എ റുവൈസ്, ഡോ. ഫിലിപ് സണ്ണി, അസ്സം സാഗർ എന്നിവരുടെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്.

ഗുസ്തിതാരങ്ങളുടെ സമരം: കുറ്റക്കാരനെതിരെ കർശന നടപടിയെടുക്കണം- എസ്ടിഎഫ്ഐ

തിരുവനന്തപുരം

രാജ്യത്തെ ഗുസ്തി താരങ്ങളുടെ സമരം അവസാനിപ്പിക്കാൻ കുറ്റക്കാരനെതിരെ കർശന നടപടിയെടുക്കണമെന്ന് സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എസ്ടിഎഫ്ഐ) ദേശീയ കൗൺസിൽ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. പാഠപുസ്തകം വെട്ടിച്ചുരുക്കലിലും ചരിത്ര നിഷേധത്തിലും രാജ്യവ്യാപക പ്രക്ഷോഭത്തിന് ആഹ്വാനം ചെയ്താണ് കൗൺസിൽ വ്യാഴാഴ്ച സമാപിച്ചത്. അഖിലേന്ത്യ പ്രസിഡന്റ് കെ സി ഹരികൃഷ്ണൻ പതാക ഉയർത്തി. ജനറൽ സെക്രട്ടറി സി എൻ ഭാർതി പ്രവർത്തന റിപ്പോർട്ടും അഖിലേന്ത്യ ട്രഷറർ പ്രകാശ് ചന്ദ്ര മൊഹന്തി വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. 21 സംസ്ഥാനത്തുനിന്നുള്ള പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

എസ്ടിഎഫ്ഐ ദേശീയ കൗൺസിലിൽ ജനറൽ സെക്രട്ടറി സി എൻ ഭാർതി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്നു

റെയിൽവേ പോർട്ടർമാരുടെ മാർച്ച്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

വിവിധ ആവശ്യങ്ങളുന്നയിച്ച് റെയിൽവേ പോർട്ടർമാർ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിലേക്ക് കുടുംബസമേതം മാർച്ചും ധർണയും നടത്തി. പോർട്ടർമാർക്ക് റെയിൽവേ നിയമനം നൽകുക, 60 കഴിഞ്ഞവർക്ക് പെൻഷൻ നൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് സതേൺ റെയിൽവേ ലൈസൻസ്ഡ് പോർട്ടേഴ്സ് ഫെഡറേഷൻ (സിഐടിയു) സംസ്ഥാന കമ്മിറ്റി നേതൃത്വത്തിലായിരുന്നു മാർച്ചും ധർണയും.

സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി മുഖ്യപ്രഭാഷണം നടത്തി. ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് ആർ ശരത്ചന്ദ്രബാബു അധ്യക്ഷനായി. ആർ ജി പിള്ള, കെ എ അലി അക്ബർ, ഡി രഘുനാഥ് പനവേലി, ഷാനവാസ് ഖാൻ, സേതു നമ്പൂരാജ്, എൻ പത്മകുമാർ, ജി ശ്രീകണ്ഠൻ, കെ അജിത്, പി പി കുര്യാക്കോസ്, എ സാബു, രഞ്ജിത് ലാൽ എന്നിവർ സംസാരിച്ചു.

സതേൺ റെയിൽവേ ലൈസൻസ്ഡ് പോർട്ടേഴ്സ് ഫെഡറേഷൻ തിരുവനന്തപുരം ആർആർബി ഓഫീസിന് മുന്നിൽ സംഘടിപ്പിച്ച കുടുംബധർണ സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

ക്രഷെ വർക്കേഴ്സ് യൂണിയൻ നടത്തിയ സെക്രട്ടറിയറ്റ് മാർച്ച് സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു

ക്രഷെ ജീവനക്കാർ സെക്രട്ടറിയറ്റ് ധർണ നടത്തി

തിരുവനന്തപുരം

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരളസംസ്ഥാന ക്രഷെ വർക്കേഴ്സ് യൂണിയൻ (സിഐടിയു) സെക്രട്ടറിയറ്റ് ധർണ നടത്തി. സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ ക്രഷെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പോഷകാഹാര കുടിശ്ശിക തീർക്കുക, പിഎഫ്, ഇഎസ്ഐ, പെൻഷൻ എന്നിവ അനുവദിക്കുക, ശമ്പള പരിഷ്കരണം നടപ്പാക്കുക തുടങ്ങിയവയായിരുന്നു ആവശ്യങ്ങൾ.

കേരള സംസ്ഥാന ക്രഷെ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ് എം ജി മീനാംബിക അധ്യക്ഷയായി.

14 ജില്ലയിലായി 156 ക്രഷെ പ്രവർത്തിക്കുന്നുണ്ട്.

ആറുമാസം മുതൽ ആറുവയസ്സുവരെയുള്ളവരെയാണ് പരിപാലിക്കുന്നത്. മിക്ക ക്രഷെകളും വാടക കെട്ടിടത്തിലാണ്.

കേരള സംസ്ഥാന ക്രഷെ വർക്കേഴ്സ് യൂണിയൻ സെക്രട്ടറി എസ് മല്ലിക, സുഗതൻ, അലി അക്ബർ, പ്രീത എന്നിവരും സംസാരിച്ചു.